LIBRARY ARCHIVES Kerala Legislative Assembly

കാലവർഷ ദുരന്ത നിവാരണ സംവിധാനങ്ങളുടെ ശ്രുപീകരണം

139 (1171) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷത്തോടനുബന്ധിച്ചുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും പ്രതിരോധിക്കുന്നതിനും സർക്കാർ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ദുരന്തമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ശ്രുപീകരിച്ചിട്ടുണ്ടോ ; പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ എന്ന നിലയിൽ പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ, ദുരന്ത നിവാരണ വകുപ്പ്, 26-5-2015-ൽ സംസ്ഥാനത്തെ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം 29 നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും വിവിധ വകുപ്പ് മേധാവികൾക്കും നടപ്പിലാക്കുവാനായി നൽകിയിട്ടുണ്ട്. മഴക്കാല ദുരന്തങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ തയ്യാറെടുപ്പുകൾക്കാണ് പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിരുന്നത്. കൂടാതെ ഏപ്രിൽ 2015 മുതൽ വർദ്ധിപ്പിച്ച തോതിൽ ദുരിതാശ്വാസം നൽകുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളടങ്ങിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എല്ലാ ജില്ലകളിലെയും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ഇടിമിന്നൽ, ഭൂമികുലുക്കം എന്നീ ദുരന്തസാധ്യതകളുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി എല്ലാ ജില്ലാകളക്ടർമാർക്കും ഭൂപടമായും പട്ടികയായും നൽകിയിട്ടുണ്ട്.

കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

140 (1172) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം സംസ്ഥാനത്ത് കാലവർഷംമൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കിയിരുന്നോ ; ആയതിന് നഷ്ടപരിഹാരമായി എന്ത് തുക നൽകിയിട്ടുണ്ടെന്നറിയിക്കാമോ ;